

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 ● ISSUE : 3 MARCH 2010


## എഡിറ്റോറിയൽ

# ദുഃഖശനിയാഴ്ച

യേശുക്രിസ്തുവിന്റെ കബറടക്കം കഴിഞ്ഞുള്ള ശനിയാഴ്ചയെക്കുറിച്ച് നാം അധികം ചിന്തിക്കാറില്ല. ഉയിർപ്പിന്റെ ഞായറാഴ്ചയ്ക്കുവേണ്ടിയുള്ള നമ്മുടെ തയ്യാറെടുപ്പും സന്തോഷവുമാണ് അതിനു കാരണം.

യേശുവിന്റെ അനുയായികൾക്ക് ലോകത്തിൽ നിലനിൽക്കുവാൻ സാധിക്കുമോ ഇല്ലയോ എന്ന് കുറേപ്പേർക്കെങ്കിലും സംശയമുണ്ടായിരുന്ന ഏകദിവസം ദുഃഖശനിയാഴ്ചയായിരുന്നല്ലോ. യേശുവിനെ ക്രൂശിച്ചിവർ വിജയിച്ചു എന്നു തെറ്റിദ്ധരിച്ച ഏകദിവസവും ഇതുതന്നെ. യേശുവിനെ കുരിശിൽ തറച്ച് യേശുവിന്റെ അന്ത്യം കുറിക്കാമെന്നും, യേശുവിനെയും ശിഷ്യന്മാരെയും കൊണ്ട് യഹൂദമതമേധാവികൾക്കുണ്ടായിക്കൊണ്ടിരുന്ന തലവേദനക്ക് ശാശ്വത പരിഹാരമുണ്ടാക്കാമെന്നുമായിരുന്നു അവർ വിചാരിച്ചത്. എന്തുതന്നെയായാലും, മൂന്നാം നാൾ അവൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേൽക്കാതിരിക്കാൻ വേണ്ട കരുതൽ അവർ ചെയ്തിരുന്നു.

യേശുക്രിസ്തുവിനോടൊത്ത് വിശ്വസിച്ചു കഴിഞ്ഞവർക്ക് ശനിയാഴ്ച നിശബ്ദതയുടെയും കാത്തിരിപ്പിന്റെയും ദിവസമായിരുന്നു. സംഭവിക്കാൻ പോകുന്നത് അവർക്ക് അറിയാമായിരുന്നു. എങ്കിലും അന്നത്തെ ഭരണസംവിധാനമായിരുന്ന റോമൻ സാമ്രാജ്യത്തിനെതിരെ എങ്ങനെ അതു സംഭവിക്കുമെന്നുള്ള ആകാംക്ഷ അവർക്കുണ്ടായിരുന്നു. യഹൂദമതമേധാവികൾ അസ്വസ്ഥരായി പീലാത്തോസിനെ സമീപിച്ച് കാവൽക്കൂട്ടത്തെ ആവശ്യപ്പെട്ടത് അവർ അറിഞ്ഞുകാണണം. അവരുടെ ദുഃസ്വാധീനത്താൽ സ്വന്തഅഭിപ്രായം നഷ്ടപ്പെട്ട പീലാത്തോസ് അവർക്ക് പട്ടാളക്കാരുടെ നിരയെത്തന്നെ വിട്ടുകൊടുക്കുന്നത് നമുക്ക് കാണാം. (മത്താ 27:65).

ശനിയാഴ്ച യഹൂദന്മാരുടെ ശബ്ബത്താണല്ലോ. അന്ന് സ്വസ്ഥമായിരിക്കേണ്ട മഹാപുരോഹിതന്മാരും, പരീശന്മാരും സ്വസ്ഥത നഷ്ടപ്പെട്ട്, ഭയപ്പെട്ട് പീലാത്തോസിനെ സമീപിക്കയായിരുന്നു. അന്നത്തെ രീതിയനുസരിച്ച് കല്ലറ ബലപ്പെടുത്താവുന്നതിലും കൂടുതലായി വലിയകല്ല് ഉരുട്ടിവച്ച് യേശുവിന്റെ കല്ലറ ബലപ്പെടുത്തുകയും, റോമൻപട്ടാളക്കാരെ രാപകൽ വ്യത്യാസമില്ലാതെ കാവലിനായി ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഉയിർപ്പിനെ തടസ്സപ്പെടുത്തുവാൻ നിയോഗിക്കപ്പെട്ട റോമൻ പടയാളികൾ തന്നെ ഉയിർപ്പിന്റെ സാക്ഷികളാകുന്ന കാഴ്ചയാണ് നാം കാണുന്നത്. ശനിയാഴ്ചയിലെ യേശുവിന്റെ ബന്ധുക്കളുടെയും അനുയായികളുടെയും നിശബ്ദത ആഴ്ചവട്ടത്തിന്റെ ഒന്നാംനാളായ ഞായറാഴ്ചയിലെ ഉയിർപ്പിന്റെ വിളംബരത്തിനുവേണ്ടിയായിരുന്നു. ഞായറാഴ്ച വലിയകല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതും, കല്ലറ ശൂന്യമായിരിക്കുന്നതും, യേശു ഉയിർത്തെഴുന്നേറ്റതും നേരിൽകണ്ട ശിഷ്യന്മാർക്ക് നിശബ്ദ ശനിയാഴ്ചയ്ക്കുശേഷം ഉണ്ടായ സമാധാനവും സന്തോഷവും ഊഹിക്കാമല്ലോ. ക്രിസ്തുമതത്തിന്റെ വളർച്ചയ്ക്കുള്ള ഒരു വലിയ കുതിപ്പിന്റെ ദിനമായിരുന്നു നിശബ്ദമായി കടന്നുപോയ ദുഃഖശനിയാഴ്ച. ഏതു പുതിയ കാര്യങ്ങൾ ആരംഭിക്കുമ്പോഴും നിശബ്ദമായികുറച്ചു സമയം പ്രാർത്ഥിച്ചിട്ട് ആരംഭിക്കുന്നതുപോലെ തന്നെ ദുഃഖശനിയാഴ്ച ദിവസം നമുക്കും ഒരു പുതിയ ജീവിതം ആരംഭിക്കുവാൻവേണ്ടി പ്രാർത്ഥിക്കരുതോ?

# ദേവസംഗീതം

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



സംഗീതം സ്വർഗ്ഗത്തിലെ ഭാഷയാണെന്നുവരെ വ്യവഹരിക്കപ്പെട്ടിട്ടുണ്ട്. സൃഷ്ടിയുടെ ആരംഭത്തിൽ സംഗീതമാധുരിയുടെ അകമ്പടിയുണ്ടായിരുന്നത്രേ. ലോകരക്ഷകന്റെ ജനനമെന്ന സുവാർത്ത, പാവപ്പെട്ട ആട്ടിടയന്മാർക്ക് സംഗീതത്തിന്റെ പശ്ചാത്തലത്തിലാണ് നൽകപ്പെട്ടത്. ലോകാവസാനത്തിലും വെള്ളനിലയങ്കിധരിച്ച രക്ഷിതഗണത്തിലും സംഗീതമുണ്ടാകുമെന്ന് വെളിപാടുപുസ്തകം പറയുന്നു. അപ്പോൾ ഈ ഭൂമിയും പ്രപഞ്ചവും സംഗീതാത്മകമാണെന്നു സിദ്ധിക്കുന്നു. എന്താണ് ജീവിതത്തിലും ക്ഷോണിയിലും സംഗീതത്തിനുള്ള പ്രസക്തി?

സംഗീതമില്ലാതെ ജീവിതമില്ല. ഹൃദയത്തിൽ സംഗീതമുള്ളവനായാണ് ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചത്. അങ്ങനെയാണ് താളവും ലയവും ഈണവുമെല്ലാം ഹൃദ്യമായി വരുന്നത്. കോപതാപങ്ങളെ തണുപ്പിക്കാനും, തപ്തഹൃദയങ്ങളെ ആശ്വസിപ്പിക്കാനും സംഗീതത്തിനു കഴിയും. ശൗൽ രാജാവിനെ ദുരാത്മാവു ബാധിച്ചപ്പോൾ, സംഗീതം പൊഴിച്ചാണ് അദ്ദേഹത്തെ സ്വതന്ത്രനാക്കിയത്!. അപ്പോൾ സംഗീതത്തിനു ദിവ്യത്വം ആരോപിക്കുന്നതിൽ കഴമ്പുണ്ട്.

ആരാധനയിൽ കേവലം വായനയോ ഉരുവിടലോ അല്ല; chanting ആണ് ഉപയോഗിക്കുന്നത്. വൈകാരിക തലങ്ങളെ ഉണർത്തുന്നതിനും ഉദാത്തീകരിക്കുന്നതിനും ഗാനങ്ങൾക്കു കഴിയും. ആന്തര സത്തയുടെയും പൂർണ്ണ ബോധതലത്തിന്റെയും അന്യൂനമായ ഒരു ആവിഷ്കാരം കവിതയിലൂടെയും ഈണത്തിലൂടെയും സാധ്യമാകുന്നു. ഗദ്യാവിഷ്കാരത്തിൽ അത് അത്രത്തോളം ലഭ്യമല്ല. മനസ്സും ആത്മാവും ശരീരവുമായി സംഗമിച്ചുണ്ടാകുന്ന ഉദ്ഗ്രഥനം സംഗീതത്തിൽ തനതാണ്. അങ്ങനെയാണ് സംഗീതത്തിനും കവിതയ്ക്കും ഒരു ആത്മീകവശം കൈവരുന്നത്. ശരീരവും മനസ്സും മാത്രമല്ല, ആത്മാവും ജാഗ്രമാകുന്നതിനെ മാത്രമേ ആത്മീകം എന്നു പറയാനാവൂ. ഒരു പക്ഷേ ആട്ടിടയർക്കു ലഭിച്ച ദൂതിനെക്കാൾ അവരുടെ ഹൃദയപാളികളെ സ്പർശിച്ചത് അഭൗമമായ സ്വർഗ്ഗീയ സംഗീതമാവാം. അതേ ഈരടികൾ മൂളിക്കൊണ്ടാവണം അവർ ബേത്‌ലഹേമിലെ പുൽമേടു തേടിപ്പോയതും.

ഹൃദയത്തിലും ജീവിതത്തിലും സംഗീതമുണ്ടാവുക എന്നത് കേവലം മാനുഷികതയുടെ നല്ലഭാഗം തന്നെയാണ്. അല്ലാത്ത മനസ്സുകൾ വറ്റിവരളും. സ്നേഹവും കാരുണ്യവും മനസ്സലിവും ഒക്കെ സ്വാഭാവികമായി പുറപ്പെടുന്ന ജലസ്രോതസ്സാണ് 'സംഗീതമുള്ള മനസ്സ്'. സംഗീതമുള്ളയിടത്ത് താളവും ഈണവുമുണ്ടാകും. ഈ സ്ഥിതിക്കു നൽകാവുന്ന മറുപേരാണ് 'ക്രമം'. ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ് എന്ന് വി. വേദം സാക്ഷിക്കുന്നതിൽ നിന്ന് ഇത് സുവ്യക്തമാണ്. ക്രമത്തിലും ചിട്ടയിലും ഉതിരുന്ന ശബ്ദലോകം പോലും ഈശ്വരന്റെ പ്രതിച്ഛായയാണ്. ഹൃദയത്തിൽ സംഗീതമുള്ളവർ സ്വാമിദ്രോഹിയോ, പരദ്രോഹിയോ ആകുന്നത് അസാദ്ധ്യം. അവരിൽ നിന്ന് മനുഷ്യസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിശുദ്ധിയുടെയും ഉറവകൾ പുറപ്പെട്ടുവരുന്നു.

## മെൽതോ 2010

### എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ

നഗരപരിധിയിലുള്ള നമ്മുടെ എല്ലാ ഇടവകകളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന സുവിശേഷമഹായോഗം - മെൽതോ 2010 - എറണാകുളം ഓർത്തഡോക്സ് കൺവെൻഷൻ, 7,8,9 തീയതികളിൽ രാജേന്ദ്രമൈതാനിയിൽ നടക്കും. 7ന് വൈകുന്നേരം 5.30ന് സന്ധ്യാ നമസ്കാരശേഷം, ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭി. പൗലോസ് മാർ മിലിത്തിയോസ് തിരുമേനി കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. അഭി. സഖറിയാ മാർ അന്തോനിയോസ്, അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് എന്നീ തിരുമേനിമാർ വിവിധ ദിവസങ്ങളിൽ കൺവൻഷനിൽ സംബന്ധിക്കും. യഥാക്രമം ഫാ. ഡോ. റ്റി.ജെ. ജോഷ്വാ, ഫാ. വർഗ്ഗീസ് വർഗ്ഗീസ്, ഫാ. ജോസഫ് സാമുവൽ എന്നിവർ വൈകുന്നേരങ്ങളിലും, ഫാ. ഡോ. ഒ. തോമസ് 8,9 തീയതികളിലുള്ള പകൽ യോഗങ്ങളിലും പ്രസംഗിക്കും.

സമയക്രമം: വൈകുന്നേരം 5.30 - 8.30, പകൽ 10 - 12.30

## വികാരിയുടെ കത്ത്



# ഊർജ്ജദായകമായ ആദ്ധ്യാത്മികത

ഫാ. പ്രിൻസ് മാത്യു, അസി. വികാരി

ഭൗതിക ജീവിതതലങ്ങളിൽ നിന്ന് വേറിട്ട് – മാറി നിൽക്കുന്ന ഭക്തിസാന്ദ്രമായ മണ്ഡലമാണ് നമുക്ക് പരിചയമുള്ള ആദ്ധ്യാത്മികത. അനുഭവങ്ങളുടെയും, അനുഭൂതികളുടെയും പരിധിക്കുള്ളിൽ ഒതുങ്ങുന്ന ഒരു സമീപനം. ക്രൈസ്തവാദ്ധ്യാത്മികതയുടെ ചിത്രം സമഗ്രവും സമ്പൂർണ്ണവുമാകണമെങ്കിൽ അതിന് ബാഹ്യലോകത്തോടുള്ള ബന്ധം കൂടി പരിഗണിക്കണം. ക്രിസ്തു ഒരു പ്രാർത്ഥനാമനുഷ്യൻ ആയിരുന്നു. വലിയനോമ്പിന്റെ കാലമാണല്ലോ. സുവിശേഷവായനകളെല്ലാം തന്നെ ജീവിത യാഥാർത്ഥ്യങ്ങളുമായി മല്ലുപിടിക്കുന്ന പച്ചമനുഷ്യരോട് പക്ഷംചേരുന്ന ക്രിസ്തുവിനെ പരിചയപ്പെടുത്തുന്നു. ഭക്തിമണ്ഡലത്തിൽ, പ്രാർത്ഥനാനിരതനായവൻ സുവിശേഷത്തിലെ പാവങ്ങളോട് സഹതപിക്കുന്നതിലൂടെ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള സങ്കല്പങ്ങൾക്ക് മിഴിവേകി അതിനെ പൂർണ്ണതയുള്ളതാക്കുന്നു.

ആദ്ധ്യാത്മികജീവിതം മറ്റേതൊരു ജീവിതക്രമത്തെക്കാളും ചലനാത്മകമാണെന്ന് ക്രിസ്തുചരിതം പഠിപ്പിക്കുന്നു. ആത്മികനായി മാറേണ്ടത് ജീവിതംകൊണ്ടുതന്നെയാകണം. അത് മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ദൈവത്തിന്റെ താത്പര്യങ്ങൾക്കനുസൃതമായി അവിടുത്തോടുകൂടെ ജീവിക്കുന്നതാണ്. ഇത് ഏതാനും അനുഷ്ഠാനവിധികളെമാത്രം സംബന്ധിക്കുന്നതല്ലെന്ന് ചുരുക്കം! ആരാധനകൾക്കും ധ്യാനമനനങ്ങൾക്കും വിലയിടിവ് സംഭവിക്കുന്നുമില്ല. ജീവിതത്തിലനുഭവപ്പെടുന്ന സഹനങ്ങളുടെ അഗാധതലങ്ങളിലേക്ക് ആഴ്ന്നിറങ്ങേണ്ടിവരുന്ന മനുഷ്യന്റെ ആലംബം ദൈവമാണെന്ന് ഈ ആദ്ധ്യാത്മികത വ്യക്തമാക്കുന്നു. അനുദിനജീവിതസംഭവങ്ങളിലൂടെ പ്രകാശിതമാകുന്ന സംഗതികൾക്ക് സുവിശേഷാനുസൃതമായി പ്രത്യുത്തരം നല്കുന്ന ഒരു തലം. ഇതിലൂടെ, ഇന്ന് ജീവിക്കുന്ന സമൂഹത്തിന്റെ സഹനങ്ങളിലും, സങ്കടങ്ങളിലും, പോരാട്ടങ്ങളിലും, ഉത്കണ്ഠകളിലും പങ്കുചേരുകയാണ്. ഇത് മനുഷ്യനെ പൂർണ്ണനും, മാനുഷിക ഗുണങ്ങളുള്ളവനുമാക്കുന്നു. അവന്റെ മനുഷ്യത്വത്തെ ഉദാത്തീകരിക്കുകയും, മഹത്വീകരിക്കുകയും ചെയ്ത് ആത്മികനാക്കുന്നു. മനുഷ്യൻ ആത്മാവ് മാത്രമല്ല, അരൂപിയും, ജഢവും ചേർന്നതാകയാൽ ആത്മീയത പരിഗണിക്കുമ്പോൾ അവന്റെ സാമൂഹ്യാസ്തിത്വവും പരിഗണിക്കപ്പെടണം.

ആദ്ധ്യാത്മികതയുടെ പാരമ്പര്യമായി തുടരുന്ന ഒരു പ്രധാന കേന്ദ്രം ഉപവിയാണ്. യഥാർത്ഥത്തിൽ പുണ്യങ്ങളുടെ അഭ്യസനം വഴി, ദൈവൈക്യത്തിനായുള്ള മനുഷ്യന്റെ അന്വേഷണവും, ശ്രമവുമാണിത്. ഈ പുണ്യങ്ങൾ ഏറ്റുവാങ്ങുന്നത് ഹതഭാഗ്യരായ സഹോദരങ്ങളും. ഉപവിയെ ഉപരിയായികാണുന്ന സാന്ത്വനത്തിന്റെയും, സേവനത്തിന്റെയും ആദ്ധ്യാത്മികത! ഈ ആത്മീയ ദർശനം മനുഷ്യന്റെ ഐഹികജീവിതത്തെ നേരിട്ട് സ്പർശിക്കുന്നതാണ്. ഭൂമിയിലെ വിഭവങ്ങൾ അനുഭവിക്കുവാനും, ആസ്വദിക്കുവാനുമുള്ള സ്വാതന്ത്ര്യം ദൈവം എല്ലാ മനുഷ്യർക്കും ദാനമായി നൽകിയിരിക്കുന്ന അവകാശമാണ്. പ്രസ്തുത അവകാശചിത്രത്തിന് മങ്ങലേൽക്കുമ്പോൾ ഊർജ്ജപ്രദായകമായ ആദ്ധ്യാത്മികതയുടെ അഭ്യസനത്തിന് പ്രാധാന്യമേറുന്നു. വടുക്കൾ നിറഞ്ഞവനെ മുട്ടുമടക്കാൻ പ്രേരിപ്പിച്ച വിശ്വാസത്തെയും, ദൈന്യതയെയും ദീനദയാലുത്വത്തോടെ വീക്ഷിക്കുന്ന ആത്മീയത. "രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെയെന്ന്" സ്നാപകപഠനവും ശ്രദ്ധേയമാണിവിടെ.

യേശുക്രിസ്തു പരിശീലിപ്പിച്ച ആദ്ധ്യാത്മികതയുടെ കാലിക പ്രപഞ്ചനമാണ് നമുക്കാവശ്യം. ക്രിസ്തു മനുഷ്യരാശിക്ക് പകർന്നു നൽകിയ സ്നേഹവും, സഹാനുഭൂതിയും, സ്വാതന്ത്ര്യവും ഇന്ന് നമ്മിലൂടെ / സഭയിലൂടെ ലോകത്തിന് അനുഭവവേദ്യമാകുമ്പോഴാണ് ആദ്ധ്യാത്മികത പ്രകാശമാനവും, ഊർജ്ജമുള്ളതും, ഊർജ്ജദായകവുമാകുന്നത്. പ്രാർത്ഥനയും പ്രവർത്തനവും ജീവിതമാക്കിയ ക്രിസ്തു തന്നെയാണ് ഈ ദർശനത്തിന്റെ പ്രേരകശക്തിയും. ■

## സ്നേഹനിധി



കത്തീഡ്രൽ ഇടവക ദീർഘനാളായി ചെയ്തുവരുന്ന വിവിധ ചാരിറ്റി പരിപാടികൾക്ക് മിഴിവേകിക്കൊണ്ട് 'സ്നേഹനിധി' ആരംഭം കുറിച്ചു. വൈദികനായി ദീർഘനാൾ ഇടവകയുടെ വികാരിയായിരുന്ന പുണ്യശ്ലോകനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ നിലനിർത്തുന്നതിന് ഇടവകതലത്തിൽ ആരംഭിച്ച സാധുസംരക്ഷണ പരിപാടിയാണ് സ്നേഹനിധി. ഇടവകാംഗമായ ശ്രീ. സിവി. പോളിൽ നിന്ന് ആദ്യസംഭാവന (1 ലക്ഷം രൂപ) സ്വീകരിച്ച് അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി സ്നേഹനിധി ഉദ്ഘാടനം ചെയ്തു. ആദ്യഘട്ടത്തിൽ കൊച്ചി, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ് ഭദ്രാസനങ്ങളിലെ സമർത്ഥരും, സാമ്പത്തികശേഷി കുറഞ്ഞവരുമായ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനസഹായം നൽകുകയാണ് ലക്ഷ്യം. സ്നേഹനിധിയുടെ പ്രവർത്തനങ്ങൾക്ക് 20–25 ലക്ഷം രൂപ ഇടവകാംഗങ്ങളിൽ നിന്നും, അഭ്യുദയകാംക്ഷികളിൽ നിന്നും മൂലധനമായി ഉണ്ടാകേണ്ടിയിരിക്കുന്നു. ഇടവക മെത്രാപ്പോലീത്തായും, ഇടവകയിലെ വൈദികരും, കൂടാതെ ഇടവക പൊതുയോഗം തെരഞ്ഞെടുത്ത സി.വി. പോൾ, ജോർജ്ജ് പോൾ, കെ.കെ. ജോർജ്ജ്, പി. ജേക്കബ്, കെ.സി. ഫിലിപ്പ് എന്നിവരും സ്നേഹനിധിയുടെ ചുമതലക്കാരായി പ്രവർത്തിക്കുന്നു.

## സഭാവിശേഷങ്ങൾ

### പ. അരാം പ്രഥമന് സ്വീകരണം

പ. കാതോലിക്കാ ബാവായുടെ ക്ഷണപ്രകാരം മലങ്കരസഭ സന്ദർശിച്ച അർമീനിയൻ കാതോലിക്ക പ. അരാം പ്രഥമനും സംഘത്തിനും കോലഞ്ചേരിയിൽ നൽകിയ സ്വീകരണത്തിൽ കത്തീഡ്രലിൽ നിന്നും വൈദികരുടെ നേതൃത്വത്തിൽ അംഗങ്ങൾ സംബന്ധിച്ചു.

## പതാക പ്രയാണം

ഫെബ്രുവരി 17ന് ശാസ്താംകോട്ടയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന് മുന്നോടിയായി ക്രമീകരിച്ച സഭാ പതാകപ്രയാണത്തിൽ കത്തീഡ്രലിലെ വൈദികരും, വിശ്വാസികളും സംബന്ധിച്ചു. ഫെബ്രുവരി-11ന് 3 മണിക്ക് മട്ടാഞ്ചേരി സെന്റ് ജോർജ്ജ് കൂനൻകുരിശ് സത്യപ്പള്ളിയിൽ നിന്നുമായിരുന്നു പതാക പ്രയാണം.



## ഭദ്രാസനവിശേഷങ്ങൾ

# പ്രതിഭാസംഗമം

അഭി. ഇടവകമെത്രാപ്പോലീത്തായുടെ പ്രത്യേക താത്പര്യപ്രകാരം സംഘടിപ്പിച്ച 'Professionals' meet' ഫെബ്രുവരി 7ന് കത്തീഡ്രലിൽ നടന്നു. എറണാകുളത്തുള്ള എല്ലാ ഓർത്തഡോക്സ് ഇടവകയിലെയും വൈദികരും, വിവിധ മേഖലകളിൽ പ്രഫഷണലുകളായിട്ടുള്ളവരും സംബന്ധിച്ച സമ്മേളനത്തിൽ അഭി. തിരുമേനി ഈ പട്ടണത്തിലുള്ള ഓർത്തഡോക്സ് സമൂഹത്തിന്റെ വളർച്ചയെപ്പറ്റി തനിക്കുള്ള സ്വപ്നങ്ങൾ പങ്കുവെച്ചു. വികസനപദ്ധതികളെപ്പറ്റി ആലോചിക്കുന്നതിനും, ആവിഷ്കരിക്കുന്നതിനും ജോർജ്ജ്പോൾ ചെയർമാനായും, ഫാ. പ്രിൻസ് മാത്യു കോർഡിനേറ്ററായും ഒരു കമ്മറ്റിയെ അഭി. തിരുമേനി നിയോഗിച്ചു. പ്രസ്തുത സമിതി വീണ്ടും സമ്മേളിക്കുകയും, കൂടുതൽ കർമ്മപരിപാടികളുടെ കരടുരൂപം സമയബന്ധിതമായി തയ്യാറാക്കുവാൻ കത്തീഡ്രൽ ട്രസ്റ്റി കെ.കെ. ജോർജ്ജ് കൺവീനറായുള്ള സബ് കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു.





## കുടുംബ വിശേഷങ്ങൾ

# ഇടവകദിനം

കത്തീഡ്രൽ ഇടവകദിനാഘോഷവും, ആദ്ധ്യാത്മികസംഘടനകളുടെ വാർഷികവും ഫെബ്രുവരി 14ന് അനുഗ്രഹകരമായി നടന്നു. ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി മുഖ്യാതിഥിയായിരുന്നു. ഇടവകയിൽ 80 വയസ്സിനു മുകളിൽ പ്രായമുള്ള ആളുകളെ ആദരിച്ച ചടങ്ങ് ഇടവകദിനാഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ആദ്ധ്യാത്മികസംഘടനകളെല്ലാം പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സണ്ടേസ്കൂൾ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഹൃദ്യമായിരുന്നു. പങ്കെടുത്തവർക്കെല്ലാം സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.







## വിശേഷദിവസങ്ങൾ

**മാർച്ച്**

10 ബുധൻ : പാതി നോമ്പ്, 6.45 am വി. കുർബ്ബാന

25 വ്യാഴം : വചനിപ്പു പെരുന്നാൾ, 6.45 am വി. കുർബ്ബാന

26 വെള്ളി : നാൽപതാം വെള്ളിയാഴ്ച, 6.45 am വി. കുർബ്ബാന

27 ശനി : ലാസറിന്റെ ശനിയാഴ്ച, 6.45 am വി. കുർബ്ബാന

**കഷ്ടാനുഭവ ആഴ്ചയിലെ പ്രത്യേക ദിവസങ്ങൾ**

28 ഞായർ : ഓശാന ഞായർ

**ഏപ്രിൽ**

1 വ്യാഴം : പെസഹാ വ്യാഴം

2 വെള്ളി : ദുഃഖവെള്ളി

3 ശനി : ദുഃഖശനി

4 ഞായർ : ഉയിർപ്പു ഞായർ

കഷ്ടാനുഭവ ആഴ്ച ഒരു കാരണവശാലും വി. കുമ്പസാരം ഉണ്ടായിരിക്കുന്നതല്ല. പെസഹാ ബുധനാഴ്ച 3 pm മുതൽ ഹൂസോയൊ നല്കുന്നതാണ്

## ഓഫീസ് ഉദ്ഘാടനം



എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ ഓഫീസ് അഭി. മാർ ഐറേനിയോസ് തിരുമേനി കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്തപ്പോൾ

## അഭിനന്ദനങ്ങൾ



പരി. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് അഖില മലങ്കര അടിസ്ഥാനത്തിൽ നടന്ന പ്രസംഗമത്സരത്തിൽ, വനിതാസമാജത്തിന്റെ സൂപ്പർ സീനിയർ വിഭാഗത്തിൽ, കത്തീഡ്രൽ ഇടവകാംഗമായ ശ്രീമതി എലിസബത്ത് കോശി (മോളി), എക്സ്പ്രസ്സ് ഗാർഡൻസ്, കലൂർ ഒന്നാം സമ്മാനത്തിന് അർഹയായി.

Ms. Anupa Anna Thomas, has scored the highest mark with Distinction in OSSAE Class 10th Examination conducted on 26th Dec, 2009 in Kochi Diocese.

She is the daughter of Thomas Varghese & Rachel Thomas, Panakkamattom.





അഖില മലങ്കര അടിസ്ഥാനത്തിൽ പാലാരിവട്ടം സെന്റ് ജോർജ്ജ് വലിയപള്ളിയിൽ നടത്തിയ സണ്ടേസ്കൂൾ വാർഷിക പരീക്ഷയിൽ 5-ാം ക്ലാസിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കിയ കത്തീഡ്രൽ സണ്ടേസ്കൂൾ വിദ്യാർത്ഥിനി ദിയ നൈനാൻ. ദിയ ശ്രീ. ചാക്കോ നൈനാന്റേയും ശ്രീമതി വത്സയുടേയും മകളാണ്.

## കത്തീഡ്രലിൽ കൺവൻഷൻ

സെന്റ് മേരീസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ വലിയനോമ്പിൽ നടത്തുന്ന കൺവൻഷൻ മാർച്ച് 22, 23 (തിങ്കൾ, ചൊവ്വ) തീയതികളിൽ, സന്ധ്യാനമസ്കാരത്തിനുശേഷം നടക്കും. ഫാ. നൈനാൻ ജോർജ്ജ്, ചെങ്ങന്നൂർ, ഫാ. ഏലിയാസ് ചെറുകാട് എന്നിവർ പ്രസംഗിക്കും.

## ശുബ്ക്കോനൊ

വലിയനോമ്പാരംഭത്തിങ്കൽ അനുഷ്ഠിക്കുന്ന ശുബ്ക്കോനൊ ശുശ്രൂഷ (നിരപ്പിന്റെ ശുശ്രൂഷ) ഫെബ്രുവരി 15ന് കത്തീഡ്രലിൽ നടന്നു. അഭി. ഇടവകമെത്രാപ്പോലീത്താ മുഖ്യകാർമ്മികനായിരുന്നു. ഇടവകയിലെ വൈദികരെ കൂടാതെ, ഫാ. ഒ.ജെ. ജേക്കബ്, ഫാ. തോമസ് പോൾ റമ്പാൻ, ഫാ. ഫിലൻ പി. മാത്യു എന്നിവർ സഹകാർമ്മികരായി.

### മാമോദീസ

എളംകുളം തരകൻവീട്ടിൽ ശ്രീ. അബി രാജന്റെയും ശ്രീമതി പ്രേമ പോളിന്റെയും മകൾ അനിന മരിയ ഏബ്രഹാമിന്റെ മാമോദീസ 12-2-2010 ൽ കത്തീഡ്രലിൽ നടന്നു

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു!*

### വിവാഹം



9-1-2010-ൽ കത്തീഡ്രലിൽ
വിവാഹിതരായ
അബിയും സീമയും.

*(വിവാഹ വാർത്ത കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്നു.)*

### നിര്യാതരായി



1. കലൂർ മേപ്പാടത്ത് പാലാൽ ഡോ. എം.കെ. മാണി (83) 17-2-2010 ന് നിര്യാതനായി. കത്തീഡ്രലിന്റെ എളംകുളം സെമിത്തേരിയിൽ 18-2-2010 ന് സംസ്കരിച്ചു.

2. കളമശ്ശേരി പൂതിക്കോട്ട് ശ്രീമതി സാറാമ്മ ചെറിയാൻ (98) 20-2-2010 ന് നിര്യാതയായി. കത്തീഡ്രലിന്റെ എളംകുളം സെമിത്തേരിയിൽ 22-2-2010 ന് സംസ്കരിച്ചു.

3. എസ്.ആർ.എം. റോഡ്, മുണ്ടക്കൽ വീട്ടിൽ ശ്രീ. ജോയി ജോസഫിന്റെ ഭാര്യ ശ്രീമതി ടി.കെ. തങ്കം (55), 4-3-2010 ന് നിര്യാതയായി. കത്തീഡ്രലിന്റെ ചിറ്റൂർ റോഡ് സെമിത്തേരിയിൽ 5-3-2010 ന് സംസ്കരിച്ചു.



*ആദരാഞ്ജലികൾ*

## 'BE SURE YOUR SIN WILL FIND YOU OUT'

*... (will be contd. in the next issue)*

*Sponsored by:*

**MG CROCKERY**

PALLIMUKKU, COCHIN 16.

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***